# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1679 — 17.06.2013-ലെ മറുപടിയ്ക്ക്

### ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗ്

ചോദ്യം — ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം — ശ്രീ. ഉമ്മൻചാണ്ടി (ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ). | സർക്കാരാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് സൗഹാർദ്ദപരമായ സേവനം പൂർണ്ണമായി ഉറപ്പാക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | പൊതുജനങ്ങൾക്ക് സൗഹാർദ്ദപരമായ സേവനം നല്കുക എന്നതാണ് സർക്കാർ നയം. |
| (ബി) | കൂടുതൽ സൗഹാർദ്ദപരമായ പൊതുജനസേവനം ഉറപ്പാക്കുന്നതിന് നിലവിൽ ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരിശീലന പരിപാടി നൽകുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) & (സി) | ഉണ്ട്. ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാകുന്നതിന് പര്യാപ്തമായ "സിറ്റിസൺ സെൻട്രിക് സർവ്വീസ് ഡെലിവറി" എന്ന പരിശീലന പരിപാടികൾ **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി)**-ൽ നടത്തി വരുന്നു. സംസ്ഥാന പരിശീലന നയത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന അഞ്ച് ദിവസം ദൈർഘ്യമുള്ള എല്ലാ പരിശീലന പരിപാടികളിലും പൊതുജനങ്ങളോട് മാന്യമായി പെരുമാറുന്നത് സംബന്ധിച്ച വിഷയം ഉൾപ്പെടുത്തുന്നുണ്ട്. ***'ജനസൗഹൃദ വില്ലേജ്'*** എന്ന പേരിൽ ഒരു പരിശീലന പരിപാടി നവംബർ 2012 മുതൽ **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ** നേതൃത്വത്തിൽ ജില്ലാ കളക്ടറേറ്റുകൾ മുഖാന്തിരം നടത്തി വരുന്നുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് സദ്ഭരണം, ആശയ വിനിമയം എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള പരിശീലനം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) നടത്തി വരുന്നുണ്ട്. |
| (സി) | ഇല്ലായെങ്കിൽ പൊതുജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്ന വകുപ്പുകളിലെങ്കിലും ഇത്തരം ട്രെയിനിംഗ് പ്രോഗ്രാമുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ആഫീസർ